"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

70 വയസ്സ കഴിഞ്ഞ് മുഴുവൻ വയോജനങ്ങൾക്കും സാമൂഹ്യ സാമ്പത്തിക ചുറ്റുപാട് പരിഗണിക്കാതെ പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള പയ്യന്നൂർ നഗരസഭയുടെ 'വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ്' എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.89/2022/LSGD തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 27.07.2021-ലെ 13(1) നമ്പർ തീരുമാനം
2. പയ്യന്നൂർ നഗരസഭാ സെക്രട്ടറിയുടെ 09.09.2021-ലെ G4 1205/21 നമ്പർ കത്ത്
3. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2021ലെ കത്ത് (SRG 569/21 , CC 364/21 )
4. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.18

**ഉത്തരവ്**

70 വയസ്സ കഴിഞ്ഞ മുഴുവൻ വയോജനങ്ങൾക്കും സാമൂഹ്യ സാമ്പത്തിക ചുറ്റുപാട് പരിഗണിക്കാതെ പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണ് പയ്യന്നൂർ നഗരസഭയുടെ 'വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ്' എന്ന പദ്ധതി (പ്രോജക്ട് നമ്പർ 26/22, അടങ്കൽ 1500000/-രൂപ, വികസന ഫണ്ട് ജനറൽ). പ്രസ്തുത പദ്ധതിയിൽ ഒരുമാസം ഒരാൾക്ക് ഒരു കിലോഗ്രാം പോഷകാഹാര മിക്സ് ആണ് നൽകുന്നത്. ഇതിൽ 500 ഗ്രാം ഗോതമ്പ്, 100 ഗ്രാം നിലകടല, 100 ഗ്രാം കടലപ്പരിപ്പ്, 100 ഗ്രാം സോയ, 200 ഗ്രാം മുത്താറി (റാഗി) എന്നിവയാണ് നൽകുന്നത്. കുടുംബശ്രീ യൂണിറ്റിനാണ് നിർമ്മാണ ചുമതല. ഏകദേശം 2500 കുടുംബങ്ങൾക്ക് ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷമായി ഈ പ്രോജക്ട് നടപ്പാക്കിവരുന്നു. ഈ പദ്ധതി സർക്കാർ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിനു പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. പയ്യന്നൂർ നഗരസഭയുടെ 'വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ്' എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നൽകി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 70 വയസ്സ കഴിഞ്ഞ മുഴുവൻ വയോജനങ്ങൾക്കും സാമൂഹ്യ സാമ്പത്തിക ചുറ്റുപാട് പരിഗണിക്കാതെ പോഷകാഹാരം

വിതരണം ചെയ്യുന്നതിനുള്ള പയ്യന്നൂർ നഗരസഭയുടെ 'വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ്' എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
John V Samuel I A S
Deputy Secretary

ചെയർപേഴ്സൺ / സെക്രട്ടറി, പയ്യന്നൂർ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്